ബി2/12/2022-ടി.സി 04-02-2025

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

## സർക്കുലർ നം 2/2025

വിഷയം :- മോട്ടോർ വാഹന വകുപ്പ് -വാഹന നികുതി ഒടുക്കുന്നതിന് മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം – സംബന്ധിച്ച്

പരാമർശം :- (1) ഈ കാര്യാലയത്തിലെ 18.10.2010 –ലെ ബി1/8919/ടി.സി./2009 നമ്പർ കത്ത്.

(2) ബഹു കേരള ഹൈക്കോടതി മുമ്പാകെ പരിഗണനയിലുള്ള WP(C) 4060/2025 ലെ 31.01.2025 ലെ ഇടക്കാല ഉത്തരവ്

കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് 1976 സെക്ഷൻ 4 (8) പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി (Kerala Motor Transport Workers Welfare Fund) വിഹിതം ഒടുക്കിയ രശീതി ഉണ്ടെങ്കിൽ മാത്രമേ വാഹന നികുതി സ്വീകരിക്കുവാൻ പാടുള്ളുവെന്ന് നിഷ്കർഷിക്കുന്നു.

എന്നാൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ എംപോയീസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം ഒടുക്കുന്നവരെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

മോട്ടോർ വാഹന വകുപ്പ് സേവനങ്ങൾ ഓൺലൈൻ മുഖേന വാഹന ഉടമകൾക്കും തൊഴിലാളികൾക്കും നേരിട്ട് ലഭിക്കുന്ന വിധം ജനസൌഹാർദ്ദമായി ക്രമീകരിച്ചിട്ടുണ്ട്. ഓൺലൈനായി നികുതി ഒടുക്കുവാൻ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വരിക്കാർക്ക് ഓൺലൈനായി അനുമതി (എൻ.ഒ.സി) ലഭ്യമാവുന്ന സംവിധാനം സാങ്കേതിക പരിശോധന (software testing) ഘട്ടത്തിലാണ്.

ടി സങ്കേതം പ്രാവർത്തികമാകാത്ത സാഹചര്യത്തിൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വരിക്കാർക്ക് ഓൺലൈൻ എൻ.ഒ.സി. നിഷ്കർഷിക്കേണ്ടതില്ല. വാഹന ഉടമ നൽകുന്ന എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വരിക്കാരായ ജിവനക്കാരടേയും വാഹനങ്ങളുടേയും വിശദാംശങ്ങൾ സ്വീകരിച്ചു കൊണ്ട് 31.03.2025 വരെ നികുതി സ്വീകരിക്കാവുന്നതാണ്.

Signed by
Chakilam Nagaraju
Date: 04-02-2025 13:47:32

**NAGARAJU CHAKILAM IPS**
**TRANSPORT COMMISSIONER**

സ്വീകർത്താക്കൾ

(1) എല്ലാ ഓഫീസ് മേധാവികളും

(2) നോഡൽ ഓഫീസർ (എസ്.എസ്.ജി സെൽ)

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും - ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ള (തുടർ നടപടികൾക്കായി).

4 നോഡൽ ഓഫീസർ എസ്. എസ് ജി സെൽ (വകുപ്പ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)

| മോട്ടോർ വാഹന വകുപ്പ്, കേരളം |
| --- |